**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6446** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഉജ്ജീവന വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഉജ്ജീവന വായ്പ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | ഉജ്ജീവന വായ്പ പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിയ്ക്കുവാനുള്ള തീയതി 31-03-2020-ൽ അവസാനിച്ചിട്ടുള്ളതാണ്. |
| (ബി) | ഇല്ലെങ്കിൽ നിലവിലുണ്ടായ അതിതീവ്ര മഴയിലും മഴവെള്ളപാച്ചിലിലും ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് മറ്റ് എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ? | (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ പ്രവർത്തിക്കുന്ന MSME സംരംഭങ്ങൾക്കായുള്ള പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നു. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായി തീർന്നതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ മൂലധന ഗ്രാൻറുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്കായി രണ്ട് പ്രത്യേക പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്. എ) The Kerala stressed MSMEs Revival & Rehabilitation Scheme തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദന രഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതി. ബി) Revival and rehabilitation scheme for defunct MSMES and cashew processing units കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തന രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി. |

സെക്ഷൻ ഓഫീസർ